# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 498 : 05/07/2012- ൽ മറുപടിക്ക്

## പ്രകൃതി വിഭവങ്ങളിലധിഷ്ഠിതമായ വ്യവസായ സാദ്ധ്യതകൾ

ചോദ്യം ഉത്തരം

ശ്രീ. ആർ. രാജേഷ് :
" എം.എ.ബേബി :
ഡോ. ടി. എം. തോമസ് ഐസക് :
പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രകൃതി വിഭവങ്ങളിലധിഷ്ഠിതമായ വ്യവസായ സാദ്ധ്യതകൾ ഇപ്പോൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | പ്രകൃതി വിഭവങ്ങളിലധിഷ്ഠിതമായ വ്യവസായങ്ങളിൽ മുഖ്യമായവ ചുവടെ ചേർക്കുന്നു.<br>i. വനവിഭവങ്ങളിൽ അധിഷ്ഠിതമായവ<br>ii. കൃഷി ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായവ<br>iii. സമുദ്രോൽപ്പന്നങ്ങൾ സംബന്ധിയായ വ്യവസായങ്ങൾ<br>iv. പട്ടുനൂൽ വ്യവസായം<br>v. ഹോർട്ടികൾച്ചർ/ഫ്ലോറികൾച്ചർ വ്യവസായം<br>vi. ധാതു സമ്പത്തിൽ അധിഷ്ഠിതമായ വ്യവസായം<br>കൂടാതെ ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾ, കരകൗശലം, കൈത്തറി, റബ്ബർ, നാളികേരം, പ്ലൈവുഡ്, ഈറ്റ, ഹെർബൽ, ഔഷധ സസ്യങ്ങൾ എന്നീ പ്രകൃതി വിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളും നിലവിലുണ്ട്.<br>ജൈവപരമായ വൈവിധ്യത്താൽ അനുഗ്രഹീതമായ കേരളത്തിൽ ആയുർവേദ പച്ചമരുന്ന് ഉൽപാദനത്തിലൂന്നിയ വ്യവസായങ്ങൾക്ക് വലിയ സാധ്യതകളാണുള്ളത്. ഏലം, കുരുമുളക് തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾ ഉപയോഗപ്പെടുത്തി മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ജൈവസാങ്കേതിക സ്ഥാപനങ്ങൾക്കും സാധ്യതയുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വ്യവസായങ്ങളിലേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ സഹായത്തോടെ പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി ചവറയിൽ ഒരു ടൈറ്റാനിയം സ്പോഞ്ച് പ്രോജക്റ്റ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.. <br><br> ആഗോള ആയുർവേദ ഗ്രാമം, ബയോടെക്നോളജി, നാനോ ടെക്നോളജി, ഇൻകുബേഷൻ സംവിധാനങ്ങൾ ചേർന്ന ലൈഫ് സയൻസ് പാർക്ക്, കുറ്റ്യാടിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കേരപാർക്ക് എന്നിവയാണ് മറ്റു പദ്ധതികൾ. |
| (സി) | എമർജിംഗ് കേരളയിൽ ഈ മേഖലയെ ഉദ്ദേശിച്ചുകൊണ്ടുള്ള എന്തെല്ലാം നിർദ്ദേശങ്ങൾക്ക് തീരുമാനമായിട്ടുണ്ട്; വിശദമാക്കുമോ? | (സി) | 1. ഭക്ഷ്യ സംസ്കരണം <br> 2. സീ ഫുഡ് പ്രോസസ്സിംഗ് <br> 3. ഹരിതോർജ്ജം <br> 4. ബയോടെക്നോളജി & ലൈഫ് സയൻസ് പ്രോഡക്റ്റ്സ് എന്നീ മേഖലകൾ എമേർജിംഗ് കേരളയ്ക്കു വേണ്ടി ആസൂത്രണം ചെയ്തു വരുന്ന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ